
SUKUMARAN

മഞ്ജിലാസ്

# ചുവന്ന സന്ധ്യകൾ

എം.ഒ. ജോസഫ് കെ.എസ്. സേതുമാധവൻ



223
223

# ചുവന്ന സന്ധ്യകൾ

| നടീനടന്മാർ | | കഥാപാത്രങ്ങൾ |
|---|---|---|
| മോഹൻ | — | ശിവൻ |
| സോമൻ | — | സോമൻ |
| അടൂർ ഭാസി | — | മേജർ ജോൺ |
| ശങ്കരാടി | — | കാരണവർ |
| ബഹദൂർ | — | തോമാ |
| സാം | — | രഘു |
| ഭരതൻ | — | മാധവൻ |
| ലക്ഷ്മി | — | രാഗിണി |
| സുജാത | — | സുശീല |
| വിധുബാല | — | റോസി |
| മണിബാല | — | മാലിനി |
| മീന | — | ഗൗരിയമ്മ |
| വഞ്ചിയൂർ രാധ | — | ചിററമ്മ |

★

കഥ; — ബാലുമഹേന്ദ്ര

തിരക്കഥ, സംഭാഷണം: തോപ്പിൽ ഭാസി

ഗാനങ്ങൾ: വയലാർ

സംഗീതം: ദേവരാജൻ

പാടിയവർ: പി. ലീല, പി. സുശീല, മാധുരി
യേശുദാസ്, ജയചന്ദ്രൻ, ശ്രീകാന്ത്.

ഛായാഗ്രഹണം: ബാലുമഹേന്ദ്ര

നിർമ്മാണം: എം. ഒ. ജോസഫ്

സംവിധാനം: കെ. എസ്. സേതുമാധവൻ

---

റിലീസ്:— സെൻട്രൽ പിക്ചേഴ്സ്

# ചുവന്ന സന്ധ്യകൾ

## —: കഥാസാരം :—

മനുഷ്യമനസ്സ് മഹാപ്രപഞ്ചത്തെക്കാൾ വലുതാണ്. മനസ്സിന്റെ ആഴവും പരപ്പും, മനസ്സിൽ മുളച്ചു വളരുകയും വീണടിയുകയും ചെയ്യുന്ന വിചാരവികാരധാരകളും പൂർണ്ണമായും കണ്ടെത്താൻ ആർക്കും കഴിഞ്ഞിട്ടില്ല. അത്രത്തോളം അന്തമില്ലാത്ത ഒരു കടലാണ് മനസ്സ്.

മഞ്ഞിലാസ് ഒരിക്കൽക്കൂടി ഒരു മനശ്ശാസ്ത്രകഥ സിനിമയിൽ ആവിഷ്കരിക്കുകയാണ്. അതോടൊപ്പം ഈ കഥ ഉജ്ജ്വലമായ ഒരു പ്രേമകഥയുമാണ്. ഒരു പ്രേതകഥയും.

ഈ കഥയുടെ വിശദാംശങ്ങൾ മുൻകൂട്ടി നിങ്ങളെ ധരിപ്പിക്കുന്നില്ല. കഥ മുൻകൂട്ടി അറിയാതെ ഈ ചിത്രം കാണുന്നതാണ് കൂടുതൽ ആസ്വദിക്കാൻ നല്ലത്. അല്പം ചില സൂചനകൾ മാത്രം തരാം.

ഒരു യുവാവ് ഒരു യുവതിയെ അഗാധമായി പ്രേമിക്കുന്നു. (ലക്ഷ്മിയും മോഹനനുമാണ് ഈ വേഷങ്ങൾ ഇടുന്നത്). ആ പ്രേമം എല്ലാ വികാരവായ്പുകളോടും പടർന്നു പന്തലിച്ചു. ആ യുവതി മരിച്ചുപോയി.

പക്ഷേ — അവളുടെ പ്രേതം അവനെ വിട്ടുപിരിയുന്നില്ല. രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ അവനവളെ

കാണുന്നു—അവൻ അവളുമായി സല്ലപിക്കുന്നു! ഇതെങ്ങിനെ?

അവൻ മാത്രമല്ല—പലരും ആ പ്രേതത്തെ കാണുന്നു! എന്തത്ഭുതം! ഈ ശാസ്ത്രയുഗത്തിൽ പ്രേതത്തേ വിശ്വസിക്കണമോ? നേരിൽ കാണുന്നതു് വിശ്വസിക്കാതിരിക്കുന്നതെങ്ങിനെ?

മാനസികാസ്വാസ്ഥതകളിൽനിന്നു് അവനെ രക്ഷിക്കാൻ വീട്ടുകാർ അവനു് മറെറാരു വിവാഹം നിശ്ചയിച്ചു. അവൻ സമ്മതിച്ചു. പെണ്ണിനു് വളരെ മുൻപേ അവനോടു സ്നേഹമായിരുന്നു (ഈ പെണ്ണിൻെറ വേഷം ധരിക്കുന്നതു സുജാതയാണു്) അവനും അവളോടു സ്നേഹമായി. എന്നാൽ വിവാഹത്തിൻെറ തലേരാത്രിയിൽ ആ പ്രേതം............അവൻെറ അമ്മതന്നെ പ്രേതത്തെ നേരിൽ കണ്ടു!

വർഷങ്ങൾ കടന്നുപോയി. ഇനിയൊരു പ്രേമജീവിതമോ വിവാഹജീവിതമോ സാദ്ധ്യമല്ലെന്നു് അവൻ തന്നെ ഉറച്ചു.

കാലചക്രത്തിൻെറ തിരിച്ചിലിൽ അവൻ മറെറാരു പെണ്ണുമായി യഥാർത്ഥ പ്രേമത്തിലായി. ഉഗ്രമായിരുന്നു അവരുടെ പ്രേമം. വിവാഹം കഴിച്ചു. പക്ഷേ— മനഃസ്വാസ്ഥതയോടെ ഒരു രാത്രി കഴിഞ്ഞുകൂടാൻ പ്രേതം സമ്മതിക്കുന്നില്ല. ആ പ്രേതം ആ നവവധുവിനെയും പിടികൂടുമോ?........

വികാരസംഘട്ടനങ്ങൾ നിറഞ്ഞ ഈ ചിത്രം മഞ്ഞിലായുടെ മറെറാരു മനഃശാസ്ത്ര കഥയാണു്—

## ഗാനം 1

ഗാനങ്ങൾ: വയലാർ. പാടിയതു്: പി. ലീല
സംഗീതം: ദേവരാജൻ പാടുന്നതു്: കൊച്ചമ്മ

അച്യുതാനന്ദ ഗോവിന്ദ പാഹിമാം
സച്ചിതാനന്ദ ശ്രീകൃഷ്ണ പാഹിമാം
ചെമ്പകാശോക പുന്നാഗ മാലതി
മണ്ഡപത്തിലെ ശ്രീകൃഷ്ണ പാഹിമാം
(അച്യുതാനന്ദ....)

ഗോപനന്ദനനായിരുന്നപ്പോഴും
ദ്വാരകാനാഥനായിരുന്നപ്പോഴും
ഗോപികമാർ വിളിക്കുന്നിടത്തെല്ലാം
ഓടിയെത്തും കൃപാംബു രാശേ ഹരേ
(അച്യുതാനന്ദ....)

പുഷ്പകങ്കണക്കൈകളിൽ വെണ്ണയും
പുത്തനോടക്കുഴലുമായ് വന്നു നീ
എൻെറ യീക്കൊച്ചു പൂജാ മണിഗൃഹം
എന്നൊരമ്പാടിയാക്കിത്തരും ഹരേ
(അച്യുതാനന്ദ....)

## ഗാനം 2

ഗാനങ്ങരം: വയലാർ　　　　പാടിയതു്: യേശുദാസ്
സംഗീതം: ദേവരാജൻ　　　　പാടുന്നതു്: ശിവൻ

കാളിന്ദി കാളിന്ദി
കണ്ണന്റെ പ്രിയസഖി കാളിന്ദി
രാസ വിലാസവതി രാഗിണി
രാധയെ പോലെ നീ ഭാഗ്യവതി
കാളിന്ദി കാളിന്ദി

ഗോപനാംഗനകരം തൻ ഹേമാംഗരാഗങ്ങരം
ആപാദ പൂഡമണിഞ്ഞാലും
നിന്നലകൈകളിൽ വീണമന്നാലേ
കണ്ണനു് നിർവൃതിയാകൂ!
കണ്ണനു് നിർവൃതിയാകൂ!
കാളിന്ദി കാളിന്ദി

പൂജാസമയത്തു് ശ്രീഗുരുവായൂരിൽ
പൊന്നും കിരീടമണിഞ്ഞാലും
നിന്റെ വൃന്ദാവനപ്പൂ ചൂടിയാലേ
കണ്ണനു് നിർവൃതിയാകൂ!
കണ്ണനു് നിർവൃതിയാകൂ!

(കാളിന്ദി....

## ഗാനം 3

ഗാനങ്ങൾ; വയലാർ　　　　പാടിയത്: ശ്രീകാന്ത്
സംഗീതം: ദേവരാജൻ　　　　പാടുന്നത്: ശിവൻ

ഇതിഹാസങ്ങൾ ജനിക്കും മുൻപേ
ഈശ്വരൻ ജനിക്കും മുൻപേ
പ്രകൃതിയും കാലവും ഒരുമിച്ചുപാടി
പ്രേമം—ദിവ്യമാമൊരനുഭൂതി
(ഇതിഹാസങ്ങൾ....)

പ്രേമം.....പ്രേമം.....പ്രേമം....
അന്നത്തെയാദ്യാനുരാഗപുഷ്പങ്ങൾ
അണ്ഡചരാചരങ്ങൾ
അവയുടെ ആകർഷണത്തിൽ വിടർന്നതാ–
ണായിരം ജീവന്റെ നാളങ്ങൾ!

അവർ പാടി
അവർ പാടി നമ്മളേററുപാടി
അനശ്വരമല്ലോ പ്രേമം....
അനശ്വരമല്ലോ പ്രേമം.... (ഇതിഹാസങ്ങൾ...)
പ്രേമം...പ്രേമം...പ്രേമം
അന്നത്തെ യാശ്ലേഷ രോമഹർഷങ്ങൾ

ആദിമമന്വന്തരങ്ങൾ
അവയുടെ അഭിനിവേശങ്ങൾ കൊരുത്തതാ-
ണായിരം സംഗമയാമങ്ങൾ

അവർ പാടി
അവർ പാടി നമ്മളേറ്റുപാടി
അനശ്വരമല്ലോ പ്രേമം
അനശ്വരമല്ലോ പ്രേമം.... (ഇതിഹാസങ്ങൾ....)
പ്രേമം....പ്രേമം....പ്രേമം....

## ഗാനം 4

ഗാനങ്ങൾ: വയലാർ
പാടിയതു്: മാധുരി
സംഗീതം: ദേവരാജൻ
പാടുന്നതു്: സുശീല

വ്രതംകൊണ്ടു മെലിഞ്ഞൊരു ഷഷ്ഠിനിലാവിനു്
വെറുതെയാകുമോ മോഹം
വിശുദ്ധം മനസ്സുമായ് തപസ്സിരുന്നാലും
വിഫലമാകുമോ ധ്യാനം
(വ്രതംകൊണ്ടു....)

കാറ്റുചലിക്കാത്ത കറുത്തപക്ഷത്തിലെ
രാത്രികളിൽ
അവളുടെ മൗനത്തിൻ മധുരസംഗീതങ്ങൾ

ഒഴുകിപ്പരന്നിരുന്നു
അതു കേട്ടു തുടിക്കേണ്ട ഹൃദയം മാത്രം
ചെവിപൊത്തിയുറങ്ങുന്നു
ചെവിപൊത്തിയുറങ്ങുന്നു (വ്രതംകൊണ്ടു....

പൂത്തുപറക്കുന്ന വെളുത്തപക്ഷത്തിലെ
രാത്രികളിൽ
അവളുടെ നാഥന്റെ മെതിയടിശബ്ദങ്ങൾ
അകലത്തലഞ്ഞിരുന്നു
അതുകണ്ടു വിടരേണ്ട ഹൃദയം മാത്രം
മിഴിപൊത്തിയുറങ്ങുന്നു
മിഴിപൊത്തിയുറങ്ങുന്നു (വ്രതംകൊണ്ടു....)

## ഗാനം 5

ഗാനരചന: വയലാർ — പാടിയതു: സുശീല
സംഗീതം: ദേവരാജൻ — പാടുന്നതു: റോസി

പൂവുകൾക്കു പുണ്യകാലം
മെയ് മാസരാവുകൾക്കു നിലാവിന്റെ
കൈകളിൽ
നക്ഷത്രത്തിരികൊളുത്തും നിലാവിന്റെ
കൈകളിൽ

നിശ്ചയ താമ്പൂലത്താലം
പൂവുകൾക്ക് പുണ്യകാലം...)

മാനത്തെ നവരത്ന വ്യാപാരത്തെരുവുകളിൽ
മഞ്ചലേറി വന്നിറങ്ങിയ രത്നവ്യാപാരി
ഒരു വളയ്ക്ക് മുത്തു തരൂ
ഒരു മിന്നിനു പൊന്നു തരൂ
ഒരു കോടി ദ്വീപുകളുടെയധിപനല്ലേ നീ
അധിപനല്ലേ നീ...
(പൂവുകൾക്ക്...)

സ്വപ്നത്തിൻ സ്വരരാഗസംഗീതപ്പൂന്തേസ്സുകളിൽ
സ്വർണ്ണവീണ മീട്ടിവന്നൊരു സ്വർഗ്ഗസഞ്ചാരി
ഒരു നിമിഷം കൂടെ വരൂ
ഒരു പല്ലവി പാടിത്തരൂ
ഒരു ഗാനസാഗരത്തിന്നധിപനല്ലേ നീ
അധിപനല്ലേ നീ
(പൂവുകൾക്ക്...)

## ഗാനം 6

ഗാനങ്ങൾ: വയലാർ — പാടിയതു: ജയചന്ദ്രൻ
സംഗീതം: ദേവരാജൻ — പാടുന്നതു്: ശിവൻ

നൈററിംഗേയ്ൽ–ഓ
നൈററിംഗേയ്ൽ

നിൻെറ യോരോ ചലനങ്ങളിലും
നാദം – താളം – ഒരു
നവോന്മേഷ ശാലിനിയാം
ഗീതം – സംഗീതം!

നിൻെറ നാദതരംഗത്തിനരികിലെ
നിശ്ശബ്ദ തീരം!
മരിച്ച സ്വപ്നങ്ങളെ കുഴിച്ചുമൂടിയ
മണൽത്തീരം – ഒരു
മണൽത്തീരം
അലിഞ്ഞുചേരു – മനസ്സു കുളിർക്കെ നീ
അലിഞ്ഞുചേരു – എന്നിൽ
അലിഞ്ഞുചേരു (നൈററിംഗേയ്ൽ....)

നിൻെറ ചിത്രമണിച്ചെപ്പിനുള്ളിലെ
നിഗൂഢ ഗീതം – ഞാൻ – ഒരു
നിഗൂഢ ഗീതം
മറന്നരാഗങ്ങളിൽ മയങ്ങിവീണൊരു
മൂകഗീതം – ഒരു
മൂകഗീതം!
ചിറകു നൽകൂ – എനിയ്ക്കു പറക്കുവാൻ
ചിറകു നൽകൂ – നിൻെറ
ചിറകു നൽകൂ! (നൈററിംഗേയ്ൽ....)

National City Press, Kottayam.


MANJILAS
ചുവന്ന സന്ധ്യകൾ
CENTRAL PICTURES RELEASE